മത നവീകരണത്തെ വിചാരണ ചെയ്യുന്നവർ സ്വയം വിചാരണ ചെയ്യാൻ

അല്ലാഹു ഇറങ്ങി വരിക

''അല്ലാഹു ഒന്നാം ആകാശത്തിലേക്ക് ഇറങ്ങി വരികയില്ല'' (പഠനങ്ങൾ പ്രബന്ധങ്ങൾ, പേ. 39, പൊന്മള അബ്ദുൽഖാദർ മുസ്ല്യാർ)

''നബി(സ)പറയുന്നു: ഈ രാത്രി അല്ലാഹു ഒന്നാം ആകാശത്തിലേക്ക് ഇറങ്ങിവരും എന്നിട്ട് കൽബ് ഗോത്രക്കാരുടെ ആടുകളുടെ രോമങ്ങളുടെ എണ്ണത്തേക്കാൾ കൂടുതൽ പേർക്ക് പാപമോചനം നൽകുന്നതാണ്.'' (തിർമിദി, അഹ്മദ്) (രിസാല, 5 ജനുവരി, 1996, ലക്കം 63)

"തീർച്ചയായും ശഅബാൻ പതിനഞ്ചാം രാവിൽ അല്ലാഹു അവന്റെ കാരുണ്യാ ധിരേകത്താൽ ഒന്നാം ആകശത്തിലേക്ക് ഇറങ്ങും." (ബറാത്ത് രാവ്, എസ്. വൈ. എസ്.ബുക്സ്, പേ:18)

"അല്ലാഹു ആ രാത്രിയിൽ അടുത്ത ആകാശത്തിൽ സൂര്യാസ്തമയം മുതൽ ഇറങ്ങിനിൽക്കും.'' (ബറാത്ത് രാവ്, എസ്.വൈ.എസ്.ബുക്സ്, പേ:28)

സിംഹാസനത്തിൽ ഉപവിഷ്ഠനാവുക

''അല്ലാഹു അർശിൽ ഇരിക്കുകയില്ല'' (പഠനങ്ങൾ പ്രബന്ധങ്ങൾ, പേ. 39, പൊന്മള അബ്ദുൽഖാദർ മുസ്ല്യാർ)

''സിംഹാസനത്തിൽ ഉപവിഷ്ഠനാവുകയെന്നാൽ അറിയാം. പക്ഷെ അല്ലാഹുവിനെ സംബന്ധിച്ച് ആ രൂപം അറിയില്ല. അക്കാര്യം നിഷേധിക്കുന്നത് കുഫ്റാണ്. വിശ്വസിക്കൽ നിർബന്ധമാണ്. സിംഹാസനത്തിൽ ഉപവിഷ്ഠനാവുക പോലുള്ള രൂപം അജ്ഞേയമായ കാര്യങ്ങളെക്കുറിച്ചുള്ള സംസാരം ബിദ്അത്താണ്. അനസ് ബ്നു മാലിക്കും ഇമാം ബുഖാരിയുമൊക്കെ അവരുടെ ഗ്രന്ഥങ്ങളിൽ ഈ വീക്ഷണം വിശദീകരിച്ചിട്ടുണ്ട്'' (സുന്നീ വോയ്സ്, 1 ഏപ്രിൽ 2001)

പ്രാർത്ഥന

''ബദ്രീങ്ങളോടും മുഹ്യുദ്ദീൻ ശൈഖിനോടും വിളിച്ചു പ്രാർത്ഥിക്കാം'' (ഫതാവ മുഹ്യുസ്സുന്ന, 2/38, പൊന്മള അബ്ദുൽഖാദർ മുസ്ല്യാർ)

''അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കാം എന്നതിനു തെളിവായി ധാരാളം ആയത്തുകൾ ഞാൻ ഓതി'' (കാന്തപുരം അബൂബക്കർ മുസ്ല്യാർ, കൊട്ടപ്പുറം സംവാദം പുതിയ പതിപ്പ്, പേ. 76, ഒ. എം. തരുവണ)

''അമ്പിയാക്കളാകട്ടെ, ഔലിയാക്കളാകട്ടെ, കല്ലാകട്ടെ, മരമാകട്ടെ, അവകളോട് വിളിച്ചു പ്രാർത്ഥിക്കുന്നത് ശിർക്കാണ്.'' (അൽഖൗലുസ്സദീദ്, പേ: 100, റശീദുദ്ദീൻ മൂസ മുസ്ല്യാർ)

''അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കാമെന്ന് സുന്നികൾ പറയുന്നില്ല. (രിസാല, നവം. 1, 1990)

സൃഷ്ടികളുടെ പരസ്പര സഹായാർത്ഥന

''സൃഷ്ടികൾ പരസ്പരം സാധാരണ നടത്താറുള്ള സഹായാപേക്ഷകളും പ്രാർത്ഥ നയാണ്.'' (കാന്തപുരം അബൂബക്കർ മുസ്ല്യാർ കൊട്ടപ്പുറം വാദപ്രതിവാദം, പുതിയ പതിപ്പ്, പേ: 21, ഒ.എം.തരുവണ)

''ഇത്തരം അപേക്ഷക്ക് പ്രാർത്ഥന എന്ന് പറയുകയില്ല. പറയാൻ പാടുമില്ല.'' (സുന്നീ വോയ്സ്, ഫെബ്രു. 16-29, 2000)

മഹാത്മാക്കളുടെ കേൾവിയും കാഴ്ചയും

''മഹാത്മാക്കൾ അല്ലാഹു കേൾക്കുന്നതു പോലെത്തന്നെ കേൾക്കുയും കാണുകയും പ്രവർത്തിക്കുകയും ചെയ്യും.'' (സി. എം. സ്മരണിക, പേ:39)

''പ്രവർത്തിയിലൊ മറെറാ സ്രഷ്ടാവിനെപ്പോലെ സൃഷ്ടികളും ആയിത്തീരുമെന്ന വിശ്വാസം ശിർക്കാണ്. അത് അല്ലാഹുവിനെ കൂടാതെ മററു ഇലാഹുകളെ ഉണ്ടാക്ക ലാണ്.'' (അഹ്ലുസ്സുന്ന ഒരു ദാർശനചശ പഠനം, പേ: 87, എഡററർ കാന്തപുരം അബൂബക്കർ മുസ്ല്യാർ)

സൃഷ്ടികളുടെ കഴിവും പരിധിയും

''സൃഷ്ടികളുടെ കഴിവുകൾക്ക് പരിധിയില്ല'' (സുന്നത്ത് ജമാഅത്ത് ഖുർആനി പേ: 101)

''ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത് മനുഷ്യന്റെ അറിവിന് അല്ലാഹുവിന്റേതു പോലെ പരിധിയും മറയും ഇല്ലെന്നാണ്. '' (ബൾബ് ഫിത്തവസ്സുലി വൽ ഇസ്തിഗാസ, പേ: 57, സി. കെ. മുഹമ്മദ് ബാഖവി)

നബി(സ്വ)യുടെ അറിവും കഴിവും എത്ര വിശാലമാണെങ്കിലും അതിന് പരിധിയുണ്ട്. (കൂററനാട് മുസ്ല്യാർ, ഫത്ഹുറഹ്മാൻ, പേ2/335)

തൗഹീദിന്റെ വിഭജനം

''തൗഹീദ് ഉലൂഹിയ്യത്ത് റുബൂബിയ്യത്ത് എന്നീ വിഭജനങ്ങൾ ഇസ്ലാമിലില്ല. അത് ഇബ്നു തൈമിയ്യയുടെ സൃഷ്ടിയാണ്.'' (മുജാഹിദു പ്രസ്ഥാനം ആശയ വൈകല്യങ്ങ ളുടെ കലവറ, പേ: 31, നാട്ടിക മൂസ മുസ്ല്യാർ)

''തൗഹീദിനെ രണ്ടായിവിഭജിക്കാം. തൗഹീദുൽ ഉലൂഹിയ്യത്ത്, തൗഹീദുർറുബൂബിയ്യത്ത്'' (അൽ അഖീദത്തുസ്സുന്നിയ്യ. പേ: 21, ടി. അബ്ദുൽ അസീസ് ഫൈസി)

ആരാധനയും പ്രാർത്ഥനയും

പ്രാർത്ഥനയില്ലാത്ത ആരാധനയില്ല എന്ന് മുജാഹിദ് പണ്ഡിതൻ എഴുതിയത് തനി വങ്കത്തവും പരിഹാസ്യവുമാണ് സകാത്ത് പോലുള്ള പ്രാർത്ഥനയില്ലാത്ത ആരാധ നകളും ഇസ്ലാമിലുണ്ട് (മദ്ഹബും തഖ്ലീദും ഒരു സമഗ്രപഠനം, പേ: 182, കെ. വി. വീരാൻ കുട്ടി മുസ്ല്യാർ, ഒഴുകൂർ)

നാം നിർവഹിക്കുന്ന ഏതൊരു ആരാധനയിലും ഒരു പ്രാർത്ഥന അന്തർലീനമായിക്കിട ക്കുന്നു (രിസാല, ഫെബ്രു. 11, 2000)

പ്രാർത്ഥന ആരാധനയാണ് എന്നു മാത്രമല്ല പ്രാർത്ഥനയില്ലാത്തതൊന്നും ആരാധന യാവുകയില്ല. (ഫത്ഹുൽ അലീം, പേ: 2/1032, അബ്ദുറഹ്മാൻ മഖ്ദൂമി)

നബിയും സാധാരണ മനുഷ്യനും

നബി(സ്വ) എല്ലാ നിലക്കും അസാധാരണ മനുഷ്യനാണ്. (സുന്നത്തു ജമാഅത്ത് ഹദീസിൽ, പേ: 208, ഹംസക്കോയ ബാഖവി, മുന്നിയൂർ)

പ്രകൃതിപരമായി നബി(സ്വ) സാധാരണ മനുഷ്യനാണ്. (ഫത്ഹുൽ അലീം, പേ: 2/1038, അബ്ദുറഹ്മാൻ മഖ്ദൂമി)

മക്കാ മുശ്രിക്കുകളും അല്ലാഹുവും

മക്കാ മുശ്രിക്കുകൾക്ക് അല്ലാഹുവിൽ വിശ്വാസം ഉണ്ടായാരുന്നു എന്ന് പറയുന്നത് ബുദ്ധിശൂന്യതയാണ്. (സുന്നത്തു ജമാഅത്ത് ഖുർആനിൽ, പേ: 46, ഹംസക്കോയ ബാഖവി, മുന്നിയൂർ)

അക്കാര്യം സമ്മതിക്കുന്നവരായിരുന്നു മക്കാമുശ്രിക്കുകൾ അതായത് പ്രപഞ്ച സ്രഷ്ടാവും നിയന്താവും അല്ലാഹുവാണെന്നവർ വിശ്വസിച്ചിരുന്നു. (ബയാനുൽ ഖുർആൻ, പേ: 1/485, കെ.വി.എം. പന്താവൂർ)

നബി(സ്വ)യും മറഞ്ഞകാര്യവും

''ആത്മാർഥമായി ചിന്തിച്ചു നോക്കൂ, മറഞ്ഞ ഏത് കാര്യവും പറയാനും അറിയനും നബിക്ക് (സ്വ) കഴിയുമെന്നാണ് നബി(സ്വ) തങ്ങൾ നമ്മെ പഠിപ്പിക്കുന്നത് ''

(തൗഹീദ് ഒരു സമഗ്ര പഠനം, പേ. 336, നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്ല്യാർ)

നബിയുടെ കാലത്ത് പള്ളി അടിച്ചു വാരുന്ന ഒരു കറുത്ത സ്ത്രീ അഥവാ ഒരു യുവാ വുണ്ടായിരുന്നു. അവൻ-അവൾ മരണമടഞ്ഞ വിവരം നബി(സ്വ) അറിഞ്ഞിരുന്നില്ല. (മയ്യിത്ത് സംസ്കരണ മുറകൾ, പേ. 67, ഇബ്രാഹീം പുത്തൂർ ഫൈസി)

അബൂ നസ്വീഫ്